കേരള സർക്കാർ

സംഗ്രഹം

സാമൂഹ്യനീതിവകുപ്പ് - അംഗൻവാടി കേന്ദ്രങ്ങൾക്കായി ഭൂമി സൗജന്യമായി നൽകിയവർക്കോ അവരുടെ ആശ്രിതർക്കോ അംഗൻവാടി ജീവനക്കാരിയായി നിയമനം നൽകുന്നതിന് അനുമതി നൽകി ഉത്തരവ് പുറപ്പെടുവിക്കുന്നു.

---

സാമൂഹ്യനീതി (ബി) വകുപ്പ്

സ.ഉ(എം.എസ്) നം. 85/2013/സാനീവ                    തീയതി, തിരുവനന്തപുരം, 19.10.2013

---

പരാമർശം:- 1. 18.09.2012 ലെ സ.ഉ(എം.എസ്) നം. 55/2012/സാക്ഷേവ.

2. 22.07.2013 ലെ സാമൂഹ്യനീതി ഡയറക്ടറുടെ ഐ.സി.ഡി.എസ്.എ3 -6567/12 നമ്പർ കത്ത്.

030990

**ഉത്തരവ്**

അംഗൻവാടി നിർമ്മാണത്തിന് സൗജന്യമായി സ്ഥലം നൽകിയിട്ടുള്ള അംഗൻവാടി ജീവനക്കാർ വിരമിക്കുന്ന ഒഴിവിൽ അവരുടെ ഒരു ആശ്രിതയ്ക്ക് (മകൾക്കോ/ സഹോദരിക്കോ) നിലവിലുള്ള യോഗ്യതാ മാനദണ്ഡങ്ങൾ അനുസരിച്ച് അംഗൻവാടി ജീവനക്കാരിയായി നിയമനം നൽകുന്നതിന് അനുമതി നൽകി പരാമർശം (1) പ്രകാരം ഉത്തരവ് പുറപ്പെടുവിച്ചിട്ടുണ്ട്.

2. കേരളത്തിൽ 33108 അംഗൻവാടികൾ പ്രവർത്തിക്കുന്നതിൽ ആകെ 19521 അംഗൻവാടി സെന്ററുകൾക്ക് മാത്രമേ സ്വന്തമായി സ്ഥലവും കെട്ടിടവും ഉള്ളൂവെന്നും, നിലവിൽ അവശേഷിക്കുന്ന 13587 അംഗൻവാടികൾക്ക് സ്ഥലം ലഭിക്കുന്നതിന് വളരെയേറെ ബുദ്ധിമുട്ടുകൾ നേരിടുന്നുണ്ട് എന്നതിനാൽ കെട്ടിട നിർമ്മാണത്തിന് സൗജന്യമായി 3 സെന്റ് സ്ഥലമോ അതിൽ കൂടുതലോ നൽകുന്ന അംഗൻവാടി പ്രവർത്തകർ അല്ലാത്ത വ്യക്തിക്കോ (വനിതയാണെങ്കിൽ), അല്ലെങ്കിൽ അവരുടെ ഒരു ആശ്രിതയ്ക്കോ യോഗ്യതാ മാനദണ്ഡമനുസരിച്ച് അംഗൻവാടി പ്രവർത്തകരുടെ നിയമനത്തിന് സംവരണം ഏർപ്പെടുത്തുന്നത് അഭികാമ്യമായിരിക്കുമെന്ന് പരാമർശം (2) പ്രകാരം സാമൂഹ്യനീതി ഡയറക്ടർ അഭിപ്രായപ്പെടുകയുണ്ടായി.

3. സർക്കാർ ഇക്കാര്യം വിശദമായി പരിശോധിച്ചതിന്റെ അടിസ്ഥാനത്തിൽ, അംഗൻവാടി നിർമ്മാണത്തിനായി സൗജന്യമായി സ്ഥലം നൽകിയിട്ടുള്ള/നൽകുന്ന അംഗൻവാടി ജീവനക്കാരല്ലാത്ത വ്യക്തിക്കോ (വനിതയാണെങ്കിൽ) അല്ലെങ്കിൽ അവരുടെ ഒരു ആശ്രിതയ്ക്കോ (അമ്മയ്ക്കോ, ഭാര്യയ്ക്കോ, മകൾക്കോ, സഹോദരിയ്ക്കോ) നിലവിലുള്ള യോഗ്യതാ മാനദണ്ഡങ്ങൾ അനുസരിച്ച് അംഗൻവാടി ജീവനക്കാരിയായി നിയമനം നൽകുന്നതിന് അനുമതി നൽകി ഇതിനാൽ ഉത്തരവാകുന്നു.

4. ഓരോ പ്രോജക്ടിലും നിലവിൽ വരുന്ന അംഗൻവാടി വർക്കർ/ഹെൽപ്പർമാരുടെ ഒഴിവിന്റെ 10% ടി പദ്ധതി പ്രകാരം, വസ്തു ലഭ്യമാക്കിയതിന്റെ സീനിയോരിറ്റി ക്രമത്തിൽ, മേൽ പ്രകാരമുള്ള നിയമനത്തിന് സംവരണം ഏർപ്പെടുത്തിയും, ടി പദ്ധതിയ്ക്ക് 18.05.2011 മുതൽ മുൻകാല പ്രാബല്യം നൽകിയും ഉത്തരവ് പുറപ്പെടുവിക്കുന്നു.

ഗവർണ്ണറുടെ ഉത്തരവിൻ പ്രകാരം,
ഡോ.കെ.എം.എബ്രഹാം
അഡീഷണൽ ചീഫ് സെക്രട്ടറി.

സാമൂഹ്യനീതി ഡയറക്ടർ, തിരുവനന്തപുരം.
എല്ലാ ജില്ലാ സാമൂഹ്യനീതി ഓഫീസർമാർ
എല്ലാ ശിശു വികസന പദ്ധതി ഓഫീസർമാർ (സാമൂഹ്യനീതി ഡയറക്ടർ മുഖാന്തിരം)
പ്രിൻസിപ്പൽ അക്കൗണ്ടന്റ് ജനറൽ (ആഡിറ്റ്) കേരള, തിരുവനന്തപുരം.
അക്കൗണ്ടന്റ് ജനറൽ (എ&ഇ) കേരള, തിരുവനന്തപുരം.
അക്കൗണ്ടന്റ് ജനറൽ (ഡി.ബി.സെൽ) കേരള, തിരുവനന്തപുരം.
തദ്ദേശ സ്വയം ഭരണ വകുപ്പ്
ധനകാര്യ വകുപ്പ്
പൊതുഭരണ (എസ്.സി) വകുപ്പ്
വിവര പൊതുജന സമ്പർക്ക വകുപ്പ്.
വെബ് ആന്റ് ന്യൂ മീഡിയ ( വെബ്സൈറ്റിൽ പ്രസിദ്ധപ്പെടുത്തുന്നതിനായി)
കരുതൽ ഫയൽ/ ഓഫീസ് കോപ്പി.

ഉത്തരവിൻ പ്രകാരം
[signature]
സെക്ഷൻ ഓഫീസർ

പകർപ്പ് കത്ത് നം. ICDS/B6-6567/12
തീയതി 7/11/13.

മേൽ ഉത്തരവ് അറിവിലേയ്ക്കും തുടർ നടപടികൾക്കുമായി ഇതോടൊപ്പം അയയ്ക്കുന്നു.

[signature] 5/11/13

[signature] 7/11/13
സാ. നീ. ഡയറക്ടർക്കു വേണ്ടി

To
All DSJO's
All PO's
All CDPO's (through PO)